ഭൂകമ്പത്തിൽപ്പെട്ട മലയാളികൾ

28 (*28) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്ത് ഭൂകമ്പത്തിൽപ്പെട്ട് എത്ര മലയാളികൾ മരണമടഞ്ഞു ;

(ബി) എത്ര മലയാളികൾ പരിക്കു പറ്റി ആശുപത്രിയിലായി ;

(സി) ഭൂകമ്പത്തിൽ സ്വത്തും, വീടും ഉറ്റവരും നഷ്ടപ്പെട്ട എത്ര മലയാളികൾ കേരളത്തിലേയ്ക്ക് മടങ്ങിയെത്തി ;

(ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവർക്ക് ആശ്വാസം നൽകാൻ പര്യാപ്തമായ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഗുജറാത്ത് ഭൂകമ്പത്തിൽ മരണപ്പെട്ട മലയാളികളെ സംബന്ധിച്ച് ഔദ്യോഗികമായ കണക്ക് ലഭ്യമല്ല. 48 മലയാളികൾ മരണപ്പെട്ടതായി അനൗദ്യോഗികമായി അറിവുണ്ട്.

(ബി) പരിക്കു പറ്റി ആശുപത്രിയിലായ മലയാളികളുടെ കണക്ക് ലഭിച്ചിട്ടില്ല.

(സി) ഭൂകമ്പ ബാധിതരായ മലയാളികളേയും കൊണ്ട് 2-2-2001-ലും 6-2-2001-ലും രണ്ട് പ്രത്യേക തീവണ്ടികൾ കേരളത്തിലെത്തുകയുണ്ടായി. 2-2-2001-ൽ 554 പേരും 6-2-2001-ൽ 374 പേരും ഉണ്ടായിരുന്നു. ഇവരിൽ അഞ്ചു പേർ തമിഴ്നാട്ടുകാരായിരുന്നു. മറ്റ് മാർഗ്ഗേണ എത്തിയവരുടെ കണക്കുകൾ ലഭ്യമല്ല.

(ഡി&ഇ) ഗുജറാത്തിലെ ആദിപ്പൂർ, ഗാന്ധിധാം, അൻജാർ എന്നിവിടങ്ങളിലെ ആദിപ്പൂർ എർത്ത് കെയ്ക്ക് റിലീഫ് കമ്മിറ്റി എന്ന മലയാളി സംഘടന ദുരിതാശ്വാസം നൽകണമെന്നാവശ്യപ്പെട്ടു നൽകിയ നിവേദനം സർക്കാർ പരിശോധിച്ചു വരുകയാണ്.

മുല്ലപ്പെരിയാർ കരാർ ലംഘനം

29 (*29) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പരിയാർ ജലം തമിഴ്നാട്ടിലെ വൈഗ ഡാമിൽ സംഭരണം നടത്തുന്നതിന് കേരള സർക്കാർ തമിഴ്നാട് സർക്കാരിന് അനുമതി നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly